STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.203/PR/SPMC/PHQ/2026 Date:02.05.2026

# അറുപത് എസ് ഐമാർ കൂടി കർമപഥത്തിലേക്ക്

ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിനാണ് പോലീസ് ഏറ്റവും മുൻഗണന നൽകേണ്ടതെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പറഞ്ഞു.

ജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിശ്വാസവും ആദരവും മറ്റേതൊരു ബഹുമതിയെക്കാളും വിലപ്പെട്ടതാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 32 എ ബാച്ചിലെ 60 സബ് ഇൻസ്‌പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ച ശേഷം അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം.

പുതുതായി സേനയിലേക്ക് വരുന്നവർ കുറ്റകൃത്യങ്ങളുടെ മാറുന്ന സ്വഭാവത്തെകുറിച്ചു തികച്ചും ബോധവാന്മാരായിരിക്കണമെന്നു അദ്ദേഹം പറഞ്ഞു. കുറ്റകൃത്യങ്ങൾ ഡിജിറ്റലായി എന്ന് മാത്രമല്ല പ്രാദേശിക സ്വഭാവം ഇല്ലാതായി. കുറ്റകൃത്യങ്ങൾ നടത്തുന്നവരെ തിരിച്ചറിയാനും ഏറെ ബുദ്ധിമുട്ടായി. പുതിയകാലത്തെ പോലീസിങ്ങിനു കായികക്ഷമതയോടൊപ്പം സാങ്കേതിക സൈബർ രംഗങ്ങളിൽ നല്ല പ്രാവീണ്യവും ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2025 ഏപ്രിൽ മൂന്നിനാണ് 32 എ ബാച്ചിലെ 60 പോലീസ് സബ് ഇൻസ്‌പെക്ടർമാരുടെ പരിശീലനം കേരള പോലീസ് അക്കാദമിയിൽ ആരംഭിച്ചത്. 60 എസ് ഐമാരിൽ 47 പുരുഷന്മാരും 13 വനിതകളും ഉൾപ്പെടുന്നു. ഒരു വർഷക്കാലത്തെ ഇൻഡോർ ഔട്ഡോർ പരിശീലനത്തിന് പുറമെ പ്രളയ കെടുതികൾ പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വിഷയത്തിൽ ഇവർക്ക്

നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിലെ വിദഗ്ദ്ധർ പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്.

പരേഡിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനു മികച്ച ഓൾ റൗണ്ടറായി ബേസിൽ പോളിനെയും, മികച്ച ഔട്ട്ഡോറും ബെസ്റ് ഷൂട്ടറുമായി നവനീത് എം പിയും, മികച്ച ഇൻഡോർ ആയി കീർത്തന കെ പി യെയും തിരഞ്ഞെടുത്തു. സംസ്ഥാന പോലീസ് മേധാവി മികച്ച പ്രകടനം കാഴ്ചവെച്ചവർക്കു പുരസ്കാരങ്ങൾ വിതരണം ചെയ്തു.

കേരള പോലീസ് അക്കാദമി ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ അക്കാദമി ഐ.ജിയും ഡയറക്ടറുമായ  കെ സേതുരാമൻ, ഐ.ജി നോർത്ത് സോൺ രാജ്പാൽ മീണ, ജില്ലയിലെ മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

*********************


KERALA POLICE ACADEMY


Mahindra
POLICE
THAR
4X4
KEPA
KL01BW3446